E.mail : keralacs@coop.gov.in
Website : www.cooperation.kerala.gov.in
Telephone : 0471 - 2 331982

നമ്പർ: ജി(1)37272/10

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 27.06.2011

# സർക്കുലർ നമ്പർ : 45/2011

വിഷയം : സഹകരണവകുപ്പ് - സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കുള്ള ഭക്ഷണ ചെലവ് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന : 1. സഹകരണസംഘം രജിസ്ട്രാറുടെ 01.03.2005 ലെ 4/05 നമ്പർസർക്കുലർ.
2. സർക്കാരിന്റെ 01.06.2011 ലെ 3763/സി.2/2011/സഹ നമ്പർ കത്ത്.

*******

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഒരംഗത്തിന് പരമാവധി 30 രൂപാ എന്ന നിരക്കിലും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഒരംഗത്തിന് പരമാവധി 10 രൂപാ എന്ന നിരക്കിലും ചെലവു ചെയ്യുന്നതിന് സൂചന (1) പ്രകാരം അനുവാദം നൽകിയിരുന്നു. ടി നിരക്കുകൾ വളരെ അപര്യാപ്തമായതിനാൽ ഈയിനത്തിൽ ചെലവാക്കുന്ന തുകയുടെ നിരക്കുകൾ വർദ്ധിപ്പിക്കണമെന്ന സഹകാരികളുടെ ആവശ്യം അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ചെലവഴിക്കാവുന്ന തുകയെ സംബന്ധിച്ച് സൂചന (1) ലെ സർക്കുലർ നിർദ്ദേശം ചുവടെ ചേർക്കും പ്രകാരം പരിഷ്ക്കരിക്കുന്നു.

ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ, അവരുടെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ഒരംഗത്തിന് പരമാവധി 60 (അറുപത് രൂപ) രൂപ എന്ന നിരക്കിലും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഈയിനത്തിൽ പരമാവധി ഒരംഗത്തിന് 30 (മുപ്പത്) രൂപ എന്ന നിരക്കിലും ചെലവ് ചെയ്യുന്നതിന് അനുമതി നൽകുന്നു.

ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ ടി നിർദ്ദേശം അവരുടെ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

(ഒപ്പ്)
കെ.വി.സുരേഷ് ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ അധിക ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ടാർ(ക്രെഡിറ്റ്)

പകർപ്പ് :

1. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
3. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4. എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും.
5. എല്ലാ ആഡിറ്റ് വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജോയിന്റ്രജിസ്ട്രാർ/ജോയിന്റ്ഡയറക്ടർ മുഖേന)
7. എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും.
9. എഡിറ്റർ സഹകരണ വീഥി
10. എഡിറ്റർ സഹകരണ ജേർണൽ,
11. വെബ്സൈറ്റ് (www.cooperation.kerala.gov.in)

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)